## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2492 — 19.06.2013 -ൽ മറുപടിക്ക്.

### ബലരാമൻ കമ്മീഷൻ ശുപാർശകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. ജി. എസ്. ജയലാൽ :<br>ശ്രീ. കെ. രാജു :<br>ശ്രീ. കെ. മുല്ലക്കര രത്നാകരൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ആരോഗ്യ മേഖലയിൽ സ്വകാര്യ സ്ഥാപനങ്ങളിൽ കുറഞ്ഞ വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; പുതുക്കി നിശ്ചയിച്ച വേതന നിരക്കുകൾ ഏതു വിധത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നേഴ്സുമാരുടെ വിവിധ തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ ഡോ. ബലരാമൻ കമ്മീഷനെ നിയമിച്ചതനുസരിച്ച് പ്രസ്തുത കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന നേഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ മിനിമം വേതനം പരിഷ്ക്കരിക്കുന്നതിന് സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതിയിൽ ചർച്ച ചെയ്യുകയും പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായ ബന്ധസമിതിയിൽ തീരുമാനമായതുപ്രകാരമുള്ള പുതുക്കി നിശ്ചയിച്ച നിരക്കുകൾ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. |
| (ബി) ബലരാമൻ കമ്മീഷൻ ശുപാർശകൾ ഏതെങ്കിലും നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിൽ നേഴ്സുമാരുടെ ജോലി സമയവും വേതന വർദ്ധനവും ഒഴികെയുള്ളവ നടപ്പിലാക്കി ക്കഴിഞ്ഞു. ജോലി സമയവും വേതന |

| | |
|---|---|
| | വർദ്ധനവും സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതി ചർച്ച ചെയ്തു അംഗീകരിക്കുകയും അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. |
| (സി) കുറഞ്ഞ വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ? | (സി) കുറഞ്ഞ വേതനം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയിൽ സുദീർഘമായ ചർച്ചകൾ നടക്കുകയും നിലവിലെ സാഹചര്യത്തിൽ 4 അംഗങ്ങൾ അടങ്ങിയ ഒരു കുടുംബത്തിന് സാധാരണ നിലയിൽ കഴിയുവാൻ വേണ്ട ഏറ്റവും കുറഞ്ഞ തുക പരിഗണിച്ച് തൊഴിലാളി - തൊഴിലുടമാ പ്രതിനിധികൾ ഒത്തുതീർപ്പിലെത്തി കുറഞ്ഞ വേതനം പുതുക്കി നിശ്ചയിക്കുകയുമാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ആഫീസർ.